17938
14/8/17

File No.FWLD-B2/68/2016-FWLD

കേരള സർക്കാർ

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ഫോർട്ടുകൊച്ചി ടൂറിസത്തിന്റെ ഭാഗമായി ചീനവലകളുടെ പുനരുദ്ധാരണത്തിനാവശ്യമായ തടികൾ കിറ്റ്കോ ലിമിറ്റഡിന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(സാധാ)/309/2017/വനം തിരുവനന്തപുരം,തീയതി, 09/08/2017

പരാമർശം:- 1. 13.06.2007-ലെ സ.ഉ(എം.എസ്)38/2007/വനം നമ്പർ സർക്കാർ ഉത്തരവ്
2.03.10.2012-ലെ സ.ഉ(എം.എസ്)നം.104/2012/വനം നമ്പർ സർക്കാർ ഉത്തരവ്
3. 17.01.2013-ലെ സ.ഉ(എം.എസ്)നം.6/2013/വനം നമ്പർ സർക്കാർ ഉത്തരവ്
4. 03.06.2014-ലെ സ.ഉ(സാധാ)നം.4345/14/ടൂറിസം നമ്പർ ഉത്തരവ്
5. കിറ്റ്കോ പ്രിൻസിപ്പൽ കൺസൾട്ടന്റിന്റെ 15.02.2016-ലെ കത്ത്
6.ടൂറിസം ഡയറക്ടറുടെ 12.1.2017-ലെ പി1-3005/2014 നമ്പർ കത്ത്.
7.അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്)ന്റെ11.04.2016, 01.03.2017,27.05.2017 എന്നീ തീയതികളിലെ പ്രൊ(5)3590/16 നമ്പർ കത്ത്.

**ഉത്തരവ്**

ഫോർട്ടുകൊച്ചി ടൂറിസത്തിന്റെ ഭാഗമായി ചീനവലകളുടെ പുനരുദ്ധാരണത്തിനായി ഒരു കോടി അൻപതുലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയും പുനരുദ്ധാരണ പ്രവർത്തികളുടെ നടത്തിപ്പ് കിറ്റ്കോയ്ക്ക് നൽകിക്കൊണ്ടും പരാമർശം (4) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ടി ഉത്തരവു പ്രകാരം 11 ചീനവലകളുടെ പുനരുദ്ധാരണ പ്രവർത്തികൾക്കുള്ള തടി അനുവദിക്കണമെന്ന് പരാമർശം (5) പ്രകാരം കിറ്റ്കോ പ്രിൻസിപ്പൽ കൺസൾട്ടന്റ് അഭ്യർത്ഥിച്ചിരുന്നു. പദ്ധതി നടത്തിപ്പുകാരായ കിറ്റ്കോ ലിമിറ്റഡിന് പ്രസ്തുത ആവശ്യത്തിലേയ്ക്കായി തടി അനുവദിച്ച് നൽകണമെന്ന് പരാമർശം (6) പ്രകാരം ടൂറിസം ഡയറക്ടർ ശുപാർശചെയ്തിട്ടുണ്ട്. പരാമർശം (1), (2), (3) സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടും, പരാമർശം (6)-ലെ ടൂറിസം ഡയറക്ടറുടെ അഭ്യർത്ഥന പരിഗണിച്ചും പദ്ധതി നടത്തിപ്പുകാരായ കിറ്റ്കോ ലിമിറ്റഡിന് തടി അനുവദിച്ചു നൽകാവുന്നതാണെന്ന് പരാമർശം (7) പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) ശുപാർശ ചെയ്തിട്ടുണ്ട്.

2)അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

(ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) - ന്റെ പരാമർശം (7) -ലെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1), (2), (3) ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരം കിറ്റ്കോ ലിമിറ്റഡിന് ഫോർട്ടുകൊച്ചി ടൂറിസത്തിന്റെ ഭാഗമായി ചീനവലകളുടെ പുനരുദ്ധാരണത്തിന് ആവശ്യമായ തടികൾ അനുവദിക്കുന്നതിന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്)-ന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഗിരിജ കുമാരി.ജി

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്), തിരുവനന്തപുരം.
ഡയറക്ടർ, ടൂറിസം ഡയറക്ടറേറ്റ്, തിരുവനന്തപുരം.
കിറ്റ്കോ ലിമിറ്റഡ്, ഫെമിത്ത്സ്, പി.ബി നമ്പർ 4407, പുതിയ റോഡ്, എൻ.എച്ച് ബൈപാസ്, വെണ്ണല, കൊച്ചി - 682 028.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
വെബ് ആന്റ് ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ